# മനീഷി ദേശീയ നാടകോത്സവ സ്വാഗതസംഘം ന്യൂജേഴ്‌സിയിൽ പ്രവർത്തനമാരംഭിച്ചു.

(ജോർജ് നടവയൽ)

ന്യൂജേഴ്‌സി ടീനെക്ക്: മനീഷി രണ്ടാം ദേശീയ നാടകോത്സവ സ്വാഗതസംഘം പ്രവർത്തനമാരംഭിച്ചു. ന്യൂജേഴ്‌സി കേരളാ കൾച്ചറൽ ഫോറമാണ് സ്വാഗത സംഘത്തിന് നേതൃത്വം നൽകുന്നത്. നാടക കലയുടെ നിത്യ നൂതന പരിണാമങ്ങളിലൂടെ '' മനുഷ്യനും പ്രകൃതിയും'' എന്ന അത്ഭുതത്തെക്കുറിച്ച് ഭാവോജ്ജ്വലിതരാകാൻ വേദികൾ ഒരുക്കുക എന്നതാണ് മനീഷി നാഷണൽ സ്കൂൾ ഓഫ് ഡ്രാമാ ലക്ഷ്യമിടുന്നത്.

സിസ്സിലി രാജു, മോനിക്ക മാത്യൂ , റോയി ന്യൂജേഴ്‌സി, തോമസ് മാത്യൂ, ആന്റണി കുര്യൻ, കോശി കുരുവിള, ഹരീന്ദ്രൻ നായർ, കുര്യൻ തോമസ്, റിനോ ന്യൂജേഴ്‌സി, സണ്ണി കല്ലൂപ്പാറ, ഫ്രാൻസീസ് കാരക്കാട്ട്, ചിന്നമ്മ പാലാട്ടി, ദാസ് കണ്ണൻ കുഴിയിൽ, ഷാജി ന്യൂജേഴ്‌സി, എന്നിവരാണ് സ്വാഗത സംഘത്തിൽ പ്രവർത്തിക്കുന്നത്. ഈവന്റ് പേട്രന്മാരായ ടി എസ് ചാക്കോ യും, ദേവസ്സി പാലാട്ടി യും (201-921-9109), സ്റ്റിയറിംഗ് കമ്മറ്റിയംഗങ്ങളായ ജോയ് ചാക്കപ്പൻ, സണ്ണീ കുടമാളൂർ, സജീ കേരളാ കൾച്ചറൽ ഫോറം, എൽദോ പോൾ, സാജൻ പോത്തൻ എന്നിവരും സ്വാഗതസംഘ പ്രവർത്തന മാർഗ്ഗരേഖയ്ക്ക് രൂപം നൽകി.

മനീഷി നാഷണൽ സ്കൂൾ ഓഫ് ഡ്രാമയുടെ രണ്ടാം ദേശീയ നാടകോത്സവം 2012 ഏപ്രിൽ 28 ശനിയാഴ്ച ന്യൂജേഴ്‌സി ടീനെക്കിൽ നടക്കും. ഏപ്രിൽ 28 ന് ഉച്ചകഴിഞ്ഞ് 3 മണി മുതലാണ് നാടകോത്സവം. നാടക കലാകാരന്മാർ പങ്കെടുക്കുന്ന പഠനക്കളരിയും, അമേരിക്കയിലെ വിവിധ പ്രദേശങ്ങളിൽ നിന്നുള്ള കലാകാരന്മാരുടെ ലഘു നാടക മത്സരവും (ഏകാങ്ക നാടക മത്സരം) ഉത്സവത്തിൽ ഉണ്ട്. അമേരിക്കയിലെ വിവിധ പ്രദേശങ്ങളിൽ നിന്നുള്ള കലാകാരന്മാരുടെ ലഘു നാടക മത്സരത്തിൽ (ഏകാങ്ക നാടക മത്സരം) പങ്കെടുക്കുവാൻ താത്പര്യമുള്ള നാടക പ്രവർത്തകർ 25 മിനിട്ട് നേരത്തേക്കുള്ള നാടകത്തിന്റെ സ്ക്രിപ്റ്റ് Director, Maneeshi National School of Drama, 325 Par Dr, Philadelphia, PA, 19115 എന്ന വിലാസത്തിൽ എത്തിക്കണം. കൂടാതെ 10 മിനുട്ട് രംഗ സജ്ജീകരണത്തിനാവാം.oalickal7@gmail.com, geodev@hotmail.com, sibymathew@gmail.com എന്ന ഇമെയിലുകളിൽ അയച്ചാലും മതിയാകും. ജോർജ് ഓലിയ്ക്കൽ ( 215-873-4365), ജോർജ് നടവയൽ (215-370-5318), സിബിച്ചൻ ചെമ്പ്ളായിൽ (215-869-5604).

മത പ്രചരണം, രാഷ്ട്രീയ പ്രചരണം, ദേശ വിരുദ്ധം എന്നീ നിലകളിലുള്ള തീമുകൾ പാടില്ല. മലയാളം, ഇംഗ്ലീഷ് ഭാഷകളിലേതിലുമുള്ള നാടകമാകാം. അമേരിക്കൻ മലയാളികൾക്കാണ് മത്സരത്തിൽ പങ്കെടുക്കാൻ അർഹത. സ്ക്രിപ്റ്റുകൾ മൂല്യനിർണ്ണയം ചെയ്താണ് മത്സരത്തിന് അർഹമായ നാടകങ്ങൾ നിശ്ചയിക്കുക. ശൈലീകൃത രംഗ ചലനം, കാവ്യാത്മകഭാഷ, താളബദ്ധ സംഭാഷണം, സാഹിത്യാംശം, ദൃശ്യാംശം എന്നിങ്ങനെ നാടക കലയുടെ വിവിധ സാദ്ധ്യതകളെ ആധുനിക നാടക രീതികളുമായി ഇണക്കി ആസ്വാദന ക്ഷമത പുലർത്തുന്ന നാടകങ്ങളെയാണ് തിരഞ്ഞെടുക്കുക. സ്ക്രിപ്റ്റുകൾ ലഭിക്കേണ്ട അവസാന തിയതി 2012 മാർച്ച് 1. യോഗ്യതാ നിർണ്ണയത്തിൽ മൂല്യവത്തായി വിലയിരുത്തപ്പെടുന്ന സ്ക്രിപ്റ്റുകൾ നാടകമായി അവതരിപ്പിക്കാൻ ബന്ധപ്പെട്ട നാടക കലാകാരന്മാർക്ക് ഏപ്രിൽ 28 ന് മനീഷി ദേശീയ നാടക മത്സരത്തിൽ അവസരം നൽകും.

മണിലാൽ മത്തായി ഏർപ്പെടുത്തിയ '' ഹെൽത് കെയർ സ്റ്റാറ്റ് എവർ റോളിംഗ് ട്രോഫി'' ഏറ്റവും നല്ല നാടകത്തിന് സമ്മാനിയ്ക്കും. വിവിധ മാദ്ധ്യമങ്ങൾ ഏർപ്പെടുത്തിയ ഫലകങ്ങളും സവിശേഷതയാണ്. ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടുന്ന നാടകങ്ങൾക്ക് പ്രശംസാ ഫലകങ്ങളും ക്യാഷ് അവാർഡുകളും നൽകും. നല്ല നടൻ, നല്ല നടി, രചയിതാവ്, സംവിധായകൻ എന്നീ അവാർഡുകളും നൽകും. ഏപ്രിൽ 28 ന് അമേരിക്കയിലെ പ്രശസ്ത മലയാള നാടക കലാകാരന്മാരെ ആദരിക്കുന്ന വേദിയിൽ വച്ച് സമ്മാനങ്ങൾ നല്കും.